

# വൈന്തല സെന്റ് ജോസഫ് ഇടവക

പുരാതനമായ അമ്പഴക്കാട് സെന്റ് തോമസ് ഫൊറോനയുടെ ഭാഗമായിരുന്നു, വൈന്തല പ്രദേശം. വൈന്തലയിൽ 1896-ൽ സ്ഥാപിതമായ സെന്റ് ജോസഫ്സ് കോൺവെന്റിന്റെ ദേവാലയത്തിൽ അനുദിന വി. കുർബാനയ്ക്ക് സൗകര്യമുണ്ടായിരുന്നത് ജനങ്ങളുടെ യാത്രാക്ലേശം കുറയ്ക്കുന്നതിനും ആത്മീയ വളർച്ചയ്ക്കും ഏറെ ഉപകരിച്ചിരുന്നു. എങ്കിലും ഈ ഭാഗത്ത് ഒരു ഇടവക ദേവാലയം ഉണ്ടാകണമെന്ന ആഗ്രഹം ജനങ്ങളിൽ ശക്തമായി. അതിനുവേണ്ടി കൂട്ടായ ആലോചനയും പരിശ്രമവും നടന്നു.

## ദേവാലയം, ഇടവക

പുതിയ ഇടവക ദേവാലയത്തിനുവേണ്ടി സെന്റ് ജോസഫ്സ് മഠം വക കുറച്ചുസ്ഥലം ദാനമായി ലഭിക്കുകയുണ്ടായി. അതിനോടുചേർന്ന് വേണ്ടത്ര സ്ഥലം പിന്നീട് അവരിൽ നിന്ന് പള്ളിക്കുവേണ്ടി വാങ്ങുകയും ചെയ്തു. അമ്പഴക്കാട് ഫൊറോനവികാരി വെരി റവ. ഫാ. ജോസ് പഴയാറ്റിലിന്റെ നേതൃത്വത്തിൽ വൈന്തല പ്രദേശത്തുള്ളവരുടെ കമ്മിറ്റിയുടെ അഭിപ്രായമനുസരിച്ചും അമ്പഴക്കാട് ഫൊറോനാപള്ളിയുടെ അനുമതിയോടെയും വൈന്തലയിൽ വി. യൗസേപ്പ് പിതാവിന്റെ പേരിൽ ദേവാലയ നിർമ്മാണം ആരംഭിച്ചു. 1997 ഡിസംബർ 8-ാം തിയ്യതിയാണ് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചത്. നിർമ്മാണം യഥാക്രമം പുരോഗമിച്ചു. പണികൾ ഏകദേശം പൂർത്തിയായപ്പോൾ, മഹാജൂബിലിവർഷമായ 2000 മേയ് 11-ാം തിയ്യതി അഭിവന്ദ്യപിതാവ് ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിക്കുകയുണ്ടായി. ഇത് അമ്പഴക്കാട് ഇടവകയുടെ കീഴിലുള്ള കുരിശുപള്ളിയായി. നിർമ്മാണപ്രവർത്തനങ്ങൾ പിന്നീട് പൂർത്തീകരിച്ചത് ബഹു. ജോൺ കവലക്കാട്ട് അച്ചന്റെ നേതൃത്വത്തിലാണ്.

അഭിവന്ദ്യപിതാവിന്റെ കല്പന നമ്പർ DL1/2004, 722/2004 പ്രകാരം 2004 ആഗസ്റ്റ് 28-ാം തിയ്യതി വൈന്തല കുരിശുപള്ളിയെ അമ്പഴക്കാട് ഫൊറോനാപള്ളിയിൽ നിന്ന് വേർപെടുത്തി നിശ്ചിത അതിർത്തികളോടെ സ്വതന്ത്ര ഇടവകയായി ഉയർത്തി.

അക്കാലത്ത് അമ്പഴക്കാട് ഫൊറോന വികാരിയായി രുന്ന പെ. ബഹു. ജോൺ കവലക്കാട്ട് (Sr.) അച്ചൻ ആയിരുന്നു, പ്രഥമ വികാരി.

## വൈദികമന്ദിരം, മതബോധനഹാൾ

ഇടവകാംഗങ്ങളായ കണിച്ചായി വീട്ടുകാരുടെ കണിച്ചായി ജോസ് ചാരിറ്റബിൾ ട്രസ്റ്റ് 16.12.1996-ൽ ഒരു വൈദികമന്ദിരം പണിതീർത്ത് തന്നിരുന്നു. എന്നാൽ, സ്ഥിരവാസത്തിന് വേണ്ടത്ര സൗകര്യം ഇല്ലാതിരുന്നതി നാൽ അതിനോടുചേർന്ന് 2008 ഡിസംബറിൽ ഉദ്ദേശം 7 ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ ഇടവക കാര്യാലയം നിർമ്മിച്ച് ആശീർവദിച്ചു. ഇടവക ദേവാ ലയത്തിന്റെ എതിർവശത്തായി ജോസ് ചാരിറ്റബിൾ ട്രസ്റ്റ് 2002-ൽ നിർമ്മിച്ച് ദാനം ചെയ്ത മതബോധ നഹാൾ സ്ഥിതിചെയ്യുന്നു. ഇടവകയിൽ ഇപ്പോൾ 286 കത്തോലിക്കാ കുടുംബങ്ങളും 3 സന്യാസ ഭവനങ്ങളും സ്ഥിതിചെയ്യുന്നു.



വൈദിക മന്ദിരം



മതബോധന ഹാൾ



സെന്റ് ജോസഫ്സ് സി.എം.സി. കോൺവെന്റ്

## സന്യാസ ഭവനങ്ങൾ

തൃശ്ശൂർ വികാരിയാത്തിന്റെ പ്രഥമ ഏതദ്ദേശീയ വികാരി അപ്പസ്തോലിക്കയായിരുന്ന മാർ ജോൺ മേനാച്ചേരി പിതാവിന്റെ അനുമതിയോടെ 1896-ൽ സ്ഥാപിതമായതാണ് സെന്റ് ജോസഫ്സ് സി.എം.സി. കോൺവെന്റ്. അവിഭക്ത തൃശ്ശൂർ രൂപതയിലെ പ്രഥമ സന്യാസിനീഭവനമാണിത്. വൈന്തല സ്വദേശിയും അമ്പഴക്കാട് ഇടവകാംഗവുമായിരുന്ന കണിച്ചായി കുഞ്ഞുവറീത് മകൾ കുഞ്ഞന്നം തനിക്ക് പൈതൃക മായി ലഭിച്ച ഭൂസ്വത്ത് ഈ മഠത്തിനുവേണ്ടി ഔദാര്യ പൂർവ്വം ദാനം ചെയ്യുകയാണുണ്ടായത്. പുരാത നമായ ഈ കോൺവെന്റ് പുണ്യചരിതരായ പല സന്യാസിനികളുടെയും പ്രഥമ പരിശീലനകേന്ദ്രമാ യിരുന്നു. ഈ കോൺവെന്റിന്റെ ആഭിമുഖ്യത്തിൽ 1910-ൽ സ്ഥാപിതമായ എൽ.പി. സ്കൂളും, സെന്റ് ജോസഫ്സ് സ്നേഹഭവൻ എന്ന ബാലികാഭവനവും 1979 മുതൽ നിലവിലുള്ള നഴ്സറി സ്കൂളും നല്ല നില യിൽ മുന്നേറുന്നു. 1973-ൽ ഇടവകക്കാരുടെ സഹക



സെന്റ് ജോസഫ്സ് കോൺവെന്റിന്റെ ദേവാലയം

രണത്തോടെ രൂപംകൊണ്ടതാണ് സെന്റ് തോമസ് സെന്റിനറി ഹോസ്പിറ്റൽ കോൺവെന്റ്.



സെന്റ് തോമസ് ഹോസ്പിറ്റൽ കോൺവെന്റ്

സ്പെയിനിലെ Sevilla ആസ്ഥാനമായുള്ള ഔവർ ലേഡി ഓഫ് മെഴ്സി (Our Lady of Mercy) എന്ന സന്യാസിനീസമൂഹത്തിന്റെ രൂപതയിലെ രണ്ടാമത്തെ ഭവനം 2004-ൽ ഇവിടെ സ്ഥാപിതമായി. ഇവരുടെ പരിശീലന ഭവനം കൂടിയാണിത്.



ഔവർ ലേഡി ഓഫ് മേഴ്സി കോൺവെന്റ്



സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ (പുതിയ കെട്ടിടം)



പുരാതനമായ സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ

## ഇതര സ്ഥാപനങ്ങൾ

ബഹു. സിസ്റ്റേഴ്സ് നടത്തുന്ന എൽ.പി. സ്കൂളിന്റെ തുടർച്ചയെന്നോണം തുടർവിദ്യാഭ്യാസ സൗകര്യത്തിനായി നാട്ടുകാരായ ഏതാനും കത്തോലിക്കാ കുടുംബങ്ങളുടെ പരിശ്രമഫലമായി രൂപംകൊണ്ടതാണ് സെന്റ് ജോസഫ്സ് എയ്ഡഡ് സ്കൂൾ. മിഡിൽ സ്കൂളായി ആരംഭിച്ച സ്കൂൾ ക്രമേണ 1958-ൽ ഹൈസ്കൂളായി ഉയർന്നു. നാടിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ദീർഘകാലം ഈ വിദ്യാലയം നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഓടു വ്യവസായത്തിന്റെ കേന്ദ്രമായ വൈന്തല തൊഴിൽ മേഖലയായി നിലനില്ക്കുന്നു.

## സ്ഥിരവാസമുള്ള വികാരി

ഇവിടെ കോൺവെന്റ് ആരംഭിച്ച കാലം മുതൽക്കേ അമ്പഴക്കാട് പള്ളിയിൽ നിന്നുള്ള ബഹു. അച്ചന്മാരും സ്ഥിരവാസമുള്ള ബഹു. കപ്ലോനച്ചന്മാരും ഇവിടത്തെ ആത്മീയ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. ഇടവക ദേവാലയ രൂപീകരണത്തിലും അതിനുശേഷം 2009 വരെയും ആ സ്ഥിതി തുടർന്നു. 2009 ജനുവരിയിൽ സ്ഥിരവാസമുള്ള വികാരിയായി റവ. ഫാ. ജോർജ്ജ് പാറേമൻ ഇദംപ്രഥമമായി ഇവിടെ ചുമതലയേറ്റ് വൈദികമന്ദിരത്തിൽ താമസിച്ച് ഇടവകയുടെ നാനാമുഖ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. തുടർന്ന് ബഹു. ജിജി കുന്നേൽ അച്ചൻ ഇവിടെ വികാരിയായി നിയമിതനായി.